**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 6854** — **02.11.2011 - ൽ മറുപടിക്ക്**

**<u>സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) ഈ സ്ഥാപനത്തിന്റെ കീഴിൽ താഴെ പറയുന്ന കോഴ്സുകളിലേക്കുള്ള പരിശീലന ക്ലാസുകൾ നടത്തിവരുന്നു.<br><br>1. സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്<br>2. ടാലന്റ് ഡവലപ്മെന്റ് കോഴ്സ്<br>3. നാഷണൽ ടാലന്റ് സേർച്ച് എക്സാമിനേഷൻ<br>4. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാമിനേഷൻ<br><br>ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കായി ഡെപ്യൂട്ടി കളക്ടർ സെലക്ഷൻ ടെസ്റ്റ്, ബാങ്ക് പ്രൊബേഷണറി ഓഫീസർ/ക്ലറിക്കൽ എക്സാമിനഷൻ കോച്ചിംഗ്, ഐ.എഫ്.എസ് കോച്ചിംഗ് എന്നിവയും നടത്തിവരുന്നു. കൂടാതെ പൊന്നാനിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്, കൊല്ലത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, മൂന്നാറിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് എന്നിവയും പ്രവർത്തിച്ചുവരുന്നു. കൂടാതെ വിവിധ ജില്ലകളിലായി 84 സബ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. |

| | |
|---|---|
| ബി) ഇതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ബി) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ പരിശീലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരിചയ സമ്പന്നരും നിശ്ചിത യോഗ്യതയുള്ളവരുമായ അദ്ധ്യാപകരെ ഉൾപ്പെടുത്തി പരിശീലനപരിപാടി വിപുലീകരിച്ചുവരുന്നു. ഇതിന്റെ ഫലമായി ടി സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരുന്നു. കൂടാതെ ചില പ്രധാന പ്രവർത്തനങ്ങൾ സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| സി) ഇതിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ എടുക്കുമോ? | സി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**